# കേരള സർവകലാശാല

നം. പി.ആർ.098/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഓൺലൈൻ പരീക്ഷ വിജയകരമായി നടന്നു

കേരളത്തിലെ സർവകലാശാലകളുടെ ചരിത്രത്തിലാദ്യമായി ഓൺലൈൻ പരീക്ഷ വിജയകരമായി നടത്തി കേരള സർവകലാശാല മാതൃകയായി. ഏപ്രിൽ 18, മെയ് 4 എന്നീ ദിവസങ്ങളിലായി നടന്ന ബി.എഡ് നാലാം സെമസ്റ്റർ പരീക്ഷയാണ് ഓൺലൈൻ ആയി നടത്തിയത്. 60 ബി.എഡ് സെന്ററുകളിലെ രണ്ടായിരത്തോളം വിദ്യാർത്ഥികൾ വിവിധ കേന്ദ്രങ്ങളിലായി ഈ പരീക്ഷയിൽ പങ്കെടുത്തു. പരീക്ഷയുടെ രഹസ്യ സ്വഭാവം ഒട്ടും നഷ്ടപ്പെടാത്ത തരത്തിൽ ഇതിന്റെ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത് കേരള സർവകലാശാല കമ്പ്യൂട്ടർ സെന്റർ ആണ്. പരീക്ഷാഫലത്തിനായുള്ള വിദ്യാർത്ഥികളുടെ ദീർഘകാലത്തെ കാത്തിരിപ്പിനാണ് ഇതിലൂടെ വിരാമമായത്.

### ബി.ബി.എ (എസ്.ഡി.ഇ) ക്ലാസ്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ആറാം സെമസ്റ്റർ ബി.ബി.എ (എസ്.ഡി.ഇ) ക്ലാസ് മെയ് ഏഴ് മുതൽ 28 വരെ പാളയം എസ്.ഡി.ഇ കേന്ദ്രത്തിൽ നടത്തും. പ്രൊജക്ട് ജൂൺ 19-ന് തുടങ്ങും. പ്രൊജക്ട് റിക്വസ്റ്റ് ജൂൺ അഞ്ചിന് മുമ്പ് കോർഡിനേറ്ററിന് നൽകണം.

### ബി.എ/ബി.എസ്‌സി/ബി.കോം/ബി.സി.എ/ബി.ബി.എ പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മെയ് ഒമ്പത് മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എ/ബി.എസ്‌സി/ബി.കോം/ബി.സി.എ/ ബി.ബി.എ (2010 അഡ്മിഷൻ - മേഴ്‌സി ചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷയ്ക്ക് മാറാനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജ്, പിരപ്പൻകോട് യു.ഐ.ടി, കുറവൻകോണം യു.ഐ.ടി, വാഴിച്ചൽ ഇമ്മാനുവൽ കോളേജ്, അമ്പലത്തറ നാഷണൽ കോളേജ്, ചാവർകോട് സി.എച്ച്.എം.എം കോളേജ്, തോന്നയ്ക്കൽ എ.ജെ കോളേജ്, തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ്, സി.എ.എസ് ധനുവച്ചപുരം, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, വർക്കല എസ്.എൻ കോളേജ്, കാര്യവട്ടം ഗവ. കോളേജ് എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി കുറവൻകോണം യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതും വടക്കേവിള ശ്രീനാരായണ കോളേജ് ഓഫ് ടെക്നോളജി, ശാസ്താംകോട്ട യു.ഐ.ടി, കൊല്ലം യു.ഐ.ടി, ചാത്തന്നൂർ എസ്.എൻ കോളേജ്, പുനലൂർ എസ്.എൻ കോളേജ് എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി കൊല്ലം യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതും ആലപ്പുഴ നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, തുറവൂർ എസ്.എൻ.ജി.എം, മാവേലിക്കര ബിഷപ്മൂർ കോളേജ് എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി ആലപ്പുഴ യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതും അടൂർ സി.എ.എസ്, അടൂർ യു.ഐ.ടി, ഏരൂർ യു.ഐ.ടി, പത്തനാപുരം യു.ഐ.ടി, കൊട്ടാരക്കര യു.ഐ.ടി, ആയൂർ മാർത്തോമ കോളേജ്,

കൊട്ടാരക്കര എസ്.ജി കോളേജ്, അടൂർ കെ.വി.വി.എസ് കോളേജ് കുണ്ടറ സി.എ.എസ് എന്നീ സെന്ററുകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി അടൂർ യു.ഐ.ടിയിൽ പരീക്ഷയെഴുതേണ്ടതുമാണ്. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
05.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098